<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് വഴി കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ നിയന്ത്രണവും പരിപാലനവും പത്ത് വർഷക്കാലത്തേയ്ക്ക് ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് വഴി കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ ശൃംഖലയുടെ നിയന്ത്രണവും പരിപാലനവും 10 വർഷക്കാലത്തേക്ക് ബഹുരാഷ്ട്ര കമ്പനിക്ക് കൈമാറാൻ തീരുമാനമൊന്നും ആയിട്ടില്ല. |
| (ബി) | കേരള ജല അതോറിറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൊച്ചിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കൊച്ചി നഗരം ഓൾ ഇന്ത്യ സ്മാർട്ട് സിറ്റി ചലഞ്ചിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം ഡിസംബർ 2015 ൽ കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് സമർപ്പിക്കുകയും ജനുവരി 2016-ൽ വിജയിച്ച ആദ്യ 20 നഗരങ്ങളിൽ ഒന്നായി മാറുകയും ചെയ്തു. ഇന്ത്യയിൽ 100 നഗരങ്ങളിൽ കൊച്ചി അഞ്ചാം സ്ഥാനം നേടുകയും ചെയ്തു.<br><br>സ്മാർട്ട് സിറ്റി ചലഞ്ചിൽ പ്രധാന നിർദ്ദേശങ്ങളിൽ ഒന്ന് 24x7 ജലവിതരണം ഉറപ്പാക്കുന്നതാണ്. 04.07.2016 -ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന സ്മാർട്ട് സിറ്റി സംസ്ഥാനതല ഹൈപവേർഡ് സ്റ്റിയറിങ് കമ്മിറ്റി യോഗത്തിൽ 24x7 ജലവിതരണ പദ്ധതി KWA നടപ്പാക്കുമെന്ന് പരാമർശമുണ്ടായി. സംസ്ഥാന സർക്കാരിന്റെ അഭ്യർഥന പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനായി കൊച്ചി നഗരത്തെ തിരഞ്ഞെടുത്തത്. |
| (സി) | പ്രസ്തുത പദ്ധതി പത്ത് വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി ജല അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി സ്വകാര്യവൽക്കരണത്തിന് വേണ്ടിയല്ല, മറിച്ച് ജലവിതരണ സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഉന്നതനിലവാരത്തിലുള്ള സേവനം ലഭ്യമാക്കുന്നതിന് വേണ്ടിയും മാത്രമുള്ളതാണ്.<br><br>കാര്യക്ഷമവും നൂതനവും കാലികവുമായ സാങ്കേതികവിദ്യകൾ ഉപയോഗത്തിൽ വരുത്തുകയും ഈ മേഖലയിലെ ഏറ്റവും പുതിയ |

| | | | |
|---|---|---|---|
| | | | പുരോഗതികൾക്കൊപ്പം അപ്ഡേറ്റ് ചെയ്യപ്പെടുകയും ചെയ്ത് വരുമാനരഹിത ജലം (NRW) കുറച്ച് കൊണ്ട് KWAയുടെ വരുമാനം മെച്ചപ്പെടുത്താനും പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ